# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4588 — 21.03.2018 — ൽ മറുപടിക്ക്

## പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്ത റേഷൻ ഷോപ്പ് ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആർ. രാജേഷ് :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) റീട്ടെയിൽ റേഷൻ ഷോപ്പ് ലൈസൻസ് നൽകുന്നതിൽ പട്ടിക ജാതി വിഭാഗത്തിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) പട്ടികജാതി വിഭാഗത്തിന് 8% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ആലപ്പുഴ ജില്ലയിൽ ജനസംഖ്യക്ക് ആനുപാതികമായി എത്ര റീട്ടെയിൽ റേഷൻ ഷോപ്പുകൾ പട്ടികജാതി വിഭാഗത്തിനായി ലൈസൻസ് സംവരണം ചെയ്ത് നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ആലപ്പുഴ ജില്ലയിൽ ജനസംഖ്യക്ക് ആനുപാതികമായി 27 റീട്ടെയിൽ റേഷൻ ഷോപ്പുകൾ പട്ടികജാതി വിഭാഗത്തിനായി സംവരണം ചെയ്ത് നല്കിയിട്ടുണ്ട്. |
| (സി) ഇങ്ങനെ സംവരണം ഏർപ്പെടുത്തി യിട്ടുള്ള റേഷൻ ഷോപ്പുകൾക്ക് ഇനിയും ലൈസൻസ് നല്കുവാനു ണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് റേഷൻ കടകളുടെ പുന:ക്രമീകരണം, സംസ്ഥാനത്തെ എല്ലാ റേഷൻകട കളിലും ഇ-പോസ് മെഷീൻ സ്ഥാപനം, റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് എന്നിവ നടപ്പിലാക്കിയതിനു ശേഷം പുതിയ റേഷൻ കടകളുടെ ലൈസൻസി നിയമനങ്ങൾ സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നതാണ്. |
| (ഡി) ഇങ്ങനെയുള്ള റേഷൻ ഷോപ്പിന്റെ ലൈസൻസ് പട്ടികജാതി വിഭാഗ ത്തിൽപ്പെട്ടവർക്ക് നല്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാ ണെന്ന് വിശദമാക്കാമോ? | (ഡി) 1966 ലെ കേരള റേഷനിംഗ് ഓർഡറിലെ 45, 2 (എ) പ്രകാരം പട്ടികജാതിക്കാർക്ക് 8 ശതമാനവും, പട്ടികവർഗ്ഗ ക്കാർക്ക് 2 ശതമാനവും റേഷൻകടകളുടെ ലൈസൻസി നിയമനത്തിൽ സംവരണം അനുവദിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിന് 50,000/- രൂപ സോൾവൻസി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടപ്പോൾ പ്രസ്തുത വിഭാഗങ്ങൾക്ക് 15,000/- രൂപ ആക്കിയിട്ടുണ്ട്. നിലവിൽ സംവരണ തത്വം പാലിച്ചുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമാണ് വിജ്ഞാപനം നടത്തുന്നത്. |

*സെക്ഷൻ ഓഫീസർ*